LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി

157 (2712) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി മാഞ്ഞാലി തോടിന്റെ വെട്ടിപ്പുഴകാവ് ഭഗവതിക്ഷേത്രം മുതൽ മധുരപുറം പാലം വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി നബാർഡ് 25-4-2011-ൽ 12 കോടി രൂപ അനുവദിച്ചതും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം മൂലം 20-4-2013-ൽ 14 കോടി രൂപയായി റിവൈസ് ചെയ്തതുമായ നിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) കാലതാമസം ഒഴിവാക്കി പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം സൃഷ്ടിക്കുന്ന വർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 14.55 കോടി രൂപയ്ക്ക് ഭരണാനുമതിയും 14.35 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി &സി) ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചാൽ 2 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

സ്വകാര്യ റിഗ്ഗുകൾ

158 (2713) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്ന കഴൽ കിണർ കുഴിക്കുന്ന സ്വകാര്യ റിഗ്ഗുകളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;